# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 794

02/12/2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

### തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) തിരുവനന്തപുരം ജനറൽ ആശുപത്രി പരിസരത്തും വാർഡുകളിലും ശുചിത്വം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമഗ്രമായ ശുചീകരണം നടത്തുന്നതിനായി ജീവനക്കാരെ നിയമിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഫാർമസിക്ക് മുന്നിൽ കാത്തിരിക്കുന്നവർക്ക് ഇരിപ്പിടങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | ബി) ഫാർമസിക്ക് മുന്നിൽ ഒഴിവുള്ള സ്ഥലങ്ങളിൽ മരുന്നു വിതരണത്തിന് തടസ്സമാകാത്ത വിധത്തിൽ പരമാവധി ഇരിപ്പിടങ്ങൾ രോഗികൾക്കായി സജ്ജീകരിച്ചിട്ടുണ്ട്. |
| സി) ആശുപത്രി വാർഡുകളിലെ പഴയ കട്ടിലുകൾ മാറ്റി നൽകുന്നതിനും പുരുഷൻമാരുടെ വാർഡുകളിലും സ്ത്രീകളുടെ സർജിക്കൽ വാർഡിലും സ്ട്രെച്ചർ തള്ളിക്കയറ്റാനായി ചരിവുള്ള സ്ഥലം ശരിയായ രീതിയിൽ മെയിന്റനൻസ് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | സി) ആശുപത്രി വാർഡിലെ പഴയ കട്ടിലുകൾ മെയിന്റനൻസ് ചെയ്ത് പെയ്ന്റ് ചെയ്യുന്ന ജോലി നടന്നു കൊണ്ടിരിക്കുന്നു. എല്ലാ വാർഡുകളിലും റാമ്പ് സംവിധാനം ലഭ്യമാണ്. |

| | |
|---|---|
| ഡി) അത്യാഹിത വിഭാഗത്തിന് താഴെയുള്ള ലാബുകളിൽ നിന്നും മുകളിലെത്തുന്നവർ ചെറിയ ജനാലയിലൂടെയാണ് മുറിയിൽ കയറുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | ഡി) ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ പൊതുജനങ്ങൾക്ക് മുകളിലത്തെ നിലയിലെത്താൻ സ്റ്റെയർകേസ് നിലവിലുണ്ട്. ലബോറട്ടറിയുടെ വശത്തായി അടിയന്തരഘട്ടങ്ങളിൽ ജീവനക്കാർക്ക് വേണ്ടി മാത്രമായി ഒരു താൽക്കാലിക ഗോവണിപ്പടി നിലവിലുണ്ട്. ഇത് പൊതുജനങ്ങളുടെ ഉപയോഗത്തിനായിട്ടല്ല ഉപയോഗിക്കുന്നത്. |
| ഇ) രാത്രി ഡ്യൂട്ടിയിലുള്ള മെഡിക്കൽ വിഭാഗത്തിലെയും സർജറി വിഭാഗത്തിലെയും ഡോക്ടർമാർ ഹൗസ് സർജൻമാരെ ചുമതലപ്പെടുത്തി പോകുന്നതിനാൽ അത്യാസന്ന നിലയിലുള്ള രോഗികളെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നത് പതിവാണ്.പ്രസ്തുത കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഇ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മെഡിക്കൽ വിഭാഗത്തിലെയും സർജറി വിഭാഗത്തിലെയും രാത്രി ഡ്യൂട്ടിയ്ക്കായി മെഡിക്കൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഡ്യൂട്ടിയിൽ നിയോഗിക്കപ്പെടുന്ന മെഡിക്കൽ ഓഫീസർമാർ കൃത്യമായി ജോലിനോക്കി വരുന്നുണ്ട്. രാത്രിയിൽ എത്തുന്ന രോഗികളിൽ വിദഗ്ധ ചികിത്സകൾ ആവശ്യമുള്ള രോഗികളെ അടിയന്തരഘട്ടത്തിൽ മാത്രമേ മെഡിക്കൽ കോളേജുകളിലേയ്ക്ക് റഫർ ചെയ്യുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**